കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ് ആലപ്പുഴ ജില്ലാ**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. എ.എൽ.പി11/1155/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.21.5.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ- എ.എൽ.പി- പി 11.1155/2019 തീയതി:21.5.2020

# ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.4.2018മുതൽ 31.9.2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **40** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.10.2019 മുതൽ 29.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ (26.10.2019 വരെ)<br>ശ്രീ.രാജേഷ്.കെ.ജി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജാക്വിലിൻ.പി.ഡബ്ല്യു., സീനിയർ ഗ്രേഡ് ഓഡിറ്റർ (26.10.2019 വരെ)<br>ശ്രീ.കെ.ബി.സുനിൽ, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. ഇന്ദിര തിലകൻ | 01.04.2018 മുതൽ വരെ 31.03.2019 |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.വി,വി.പ്രസാദ് | 01.04.2018 മുതൽ വരെ 31.03.2019 |

സ്റ്റാന്റിംഗ് കമ്മറ്റി

| | | |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി.കല | 01.04.2018 മുതൽ 31.03.2019വരെ |
| വികസനകാര്യം | ശ്രീമതി.സിസിലി | 1.04.2018 മുതൽ 31.03.2019വരെ |
| ക്ഷേമകാര്യം | ശ്രീ.എ.എസ്.ജയമോഹൻ | 1.04.2018 മുതൽ 31.03.2019വരെ |
| ധനകാര്യം | ശ്രീ.എം.ജി.ലൈജു | 1.04.2018 മുതൽ 31.03.2019വരെ |

**മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. മിനി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ. അർച്ചന.എ.ആർ. | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ഗോപകുമാർ.ജി. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ജിഷമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. രചന.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രേഖ.കെ.<br>ശ്രീമതി. റാൻസി പീറ്റർ | 01.04.2018 മുതൽ 17.7.2018 വരെ<br>18.7.2018മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, കാട്ടൂർ | ശ്രീ.മുത്തുമണി.കെ.ഡി.<br>ശ്രീ.ഹാഷിഫ്<br>ശ്രീ.പ്രവീൺ.കെ.കൃഷ്ണൻ | 01.04.2018 മുതൽ 24.7.2018വരെ<br>25.7.2018 മുതൽ 4.10.2018വരെ |

| | | |
|---|---|---|
| | | 5.10.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ,ചെട്ടിക്കാട് | ശ്രീ.സജിത്ത് രാജ്<br>ശ്രീ.സജിത്ത്.റ്റി.വി.<br>ശ്രീ.അനീഷ്.കെ.പി | 01.04.2018 മുതൽ 24.7.2018 വരെ<br>25.7.2018 മുതൽ 28.9.2018വരെ<br>29. 9.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, വളവനാട് | ശ്രീ. മുത്തുമണി.കെ.ഡി | 01.04.2018 മുതൽ 24.7.2018 വരെ |
| | ശ്രീ.ഹാഷിഫ്<br>ശ്രീ.വിഭു. | 25.7.2018 മുതൽ 4.10.2018 വരെ<br>5.10.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സൗമ്യ.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്/ഹെഡ്മാസ്റ്റർ, എസ്.സി.എം.വി.യു.പി.എസ്. | ശ്രീമതി.ബീമബീവി<br>ശ്രീ.വേണു.പി.ജി. | 01.04.2018 മുതൽ 31.5.2018വരെ<br>1.6.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.എസ്.സ്മിത | 01.04.2018 മുതൽ 31.03.2019 വരെ |
| സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.സൂര്യ.പി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| ക്രമ നം | ഖണ്ഡിക നം | ഭാഗം-1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | തൊഴിൽ നികുതി ഈടാക്കുന്നില്ല. |
| 13 | 1-13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 14 | 1-14 | ഫാക്ടറികൾക്കും,വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- പിരിവിൽ അപാകത |
| 15 | 1-15 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല |
| 16 | 1-16 | പാലിയേറ്റീവ് കെയറിന് മരുന്ന വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല. |
| 17 | 1-17 | ലഭിച്ച മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 18 | 1-18 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽ കൂട്ടാവുന്നതാണ്. |
| 19 | 1-19 | പെൻഷൻ കോൺട്രിബ്യൂഷൻ ശമ്പളപരിഷ്കരണത്തിനാനുപാതികമായി അടവാക്കിയിട്ടില്ല |
| 20 | 1-20 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു. |
| 21 | 1-21 | നിർവ്വഹണ ചുമതല- സ്പഷ്ടീകരണം ലഭ്യമായില്ല |
| 22 | 1-22 | അങ്കണവാടിയിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ -സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ കൃത്യതയില്ല. |
| 23 | 1-23 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ |
| 24 | 1-24 | തെങ്ങിൻ തൈവിതരണം വിതരണം പദ്ധതി അപാകതകൾ |
| 25 | 1-25 | സ്ത്രീസൌഹൃദ ഗ്രാമം പദ്ധതി -അപാകതകൾ |
| 26 | 1-26 | മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായില്ല. |
| 27 | 1-27 | സ്പോർട്സ് ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ നൽകൽ-ക്ലബുകളുടെ രജിസ്ട്രേഷൻ വിവരം ലഭ്യമായില്ല |
| 28 | 1-28 | പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 29 | 1-29 | രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് |
| 30 | 1-30 | ടി.ഡി.എസ് ഫയലിംഗിന് പരിധി ലംഘിച്ച് തുക ചെലവഴിച്ചു |
| 31 | 1-31 | വെള്ളക്കരം കുടിശിക |
| 32 | 1-32 | പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി- പ്രോജക്ടുകളിലെ |

| | | |
|---|---|---|
| | | അപാകതകൾ |
| 33 | 1-33 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - പഞ്ചായത്തിന് ലഭിക്കേണ്ടതായ കളക്ഷൻ ചാർജ്ജ് ഡിമാന്റ് ചെയ്യുന്നില്ല |
| 34 | 1-34 | റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ - വികസന സാധ്യത ഉറപ്പാക്കുന്നില്ല |
| 35 | 1-35 | കോയിപ്പറമ്പിൽ വലിയതയ്യിൽ റോഡ് നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 36 | 1-36 | തൊഴിലുറപ്പ് പദ്ധതി- തുക തെറ്റായി നൽകിയത് സംബന്ധിച്ച് |
| 37 | 1-37 | തൊഴിലുറപ്പ് പദ്ധതി- വ്യക്തിഗത കക്കൂസ് നിർമ്മാണം(ഐഎച്ച് എച്ച എൽ) -നടത്തിപ്പ് |
| 38 | 1-38 | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ |
| ഭാഗം-2 | | |
| ഇല്ല. | | |
| ഭാഗം-3 | | |
| 39 | 3-1 | ടി.ഡി.എസ് ഫയലിംഗിന് പരിധി ലംഘിച്ച് തുക ചെലവഴിച്ചു |
| 40 | 3-2 | പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രോജക്ടുകളിലെ അപാകതകൾ |
| ഭാഗം-4 | | |
| 41 | 4-1 മുതൽ 4-11 വരെ | ഓഡിറ്റ് പ്രത്യവലോകനം |
| 42 | അനുബന്ധം-1 | |
| 43 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

21/03/2018 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 21/12/2018 തീയതിയിലെ 19(12) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 483936624 | 457175592 |
| വാർഷികകണക്ക് പ്രകാരം | 163289563 | 163937321 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15/05/2019 | -- | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 40970402 |
| വരവ് | 163289563 |
| ആകെ | 204259965 |
| ചെലവ് | 163937321 |
| നീക്കിയിരിപ്പ് | 40322644 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 38559022 | 38559022 | 34163619 | 4395403 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4586000 | 4586000 | 3174312 | 1411688 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 482000 | 482000 | 246138 | 235862 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5342000 | 5342000 | 5342000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6249000 | 6249000 | 4262663 | 1986337 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | 0 | 19749193 | 19749193 | 14277166 | 5472027 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 269680477 | 130 | 130546630 | 16 | 67 | 61 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1917059 | 1025792 | 2942851 | 2126333 | 816518 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 122337397 | 122337397 | 122337397 | 0 |
| ആകെ | 1917059 | 123363189 | 125280248 | 124463730 | 816518 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1311960 | 1398 |
| കർഷകതൊഴിലാളി പെൻഷൻ | 3812300 | 1044 |
| വിധവാപെൻഷൻ | 17565800 | 4604 |
| വാർദ്ധക്യകാലപെൻഷൻ | 50245400 | 15787 |
| വികലാംഗപെൻഷൻ | 9109000 | 2182 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3011600 | 217 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,128/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.

3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
7. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
10. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
11. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
12. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.7.19 | ജൂൺ 2019 | 16.8.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.4.2013-15.4.2013 | 2007/2008 മുതൽ 2012/2013 | 29.6.2013 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-ജി.എ14/545/2019/തീയതി. 25.06.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.
ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് (പൊതുവിഭാഗം) 3-ാം ഗഡുവിൽ നിന്നും 436978/- രൂപ വെള്ളക്കരകുടിശ്ശികയിനത്തിൽ സോഴ്സിൽ കുറവു ചെയ്തിട്ടുണ്ട്. എന്നാൽ ഇതുൾപ്പെടാതെയുള്ള തുകയാണ് ആകെ വരവായും ചെലവായും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തന്മൂലം വികസനഫണ്ടിന്റെ യഥാർത്ഥ നില വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല.

## 1-12 തൊഴിൽ നികുതി ഈടാക്കുന്നില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്ന് 2018-19 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ദന്താശുപത്രികളിലെ ഡോക്ടർമാർ (3)

2) റേഷൻ കട നടത്തുന്നവർ

3) അംഗൻവാടി ടീച്ചേഴ്സ്, വർക്കേഴ്സ്

4) ബാലകൈരളി ജീവനക്കാർ

വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം -12 ന് മറുപടി നൽകിയിട്ടുണ്ട്. ദന്താശുപത്രികളിലെ ഡോക്ടർമാർ, റേഷൻ കട നടത്തുന്നവർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ഇവരിൽ നിന്നും എത്രയും വേഗം നികുതി ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

അതുപോലെ അങ്കണവാടി/ബാലകൈരളി ജീവനക്കാർ കൈപ്പറ്റുന്നത് ഹോണറേറിയമായതിനാലാണ് തൊഴിൽ നികുതി ഈടാക്കാത്തതെന്നാണ് പഞ്ചായത്തിന്റെ മറുപടി. ചെയ്യുന്ന സേവനം ഒരു തൊഴിലോ, ജോലിയോ, ബിസിനസ്സോ അല്ലാതെയാകുമ്പോഴാണ് തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുക. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

**ഓഡിറ്റ് ഇംപാക്ട്**

പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷം ഫിഷർമെൻ വില്ലേജ് ബീച്ച് റിസോർട്ട്, ഹോംകോ എന്നീ സ്ഥാപനങ്ങളിലെ 10 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ 1600/- (1350 + 250) രൂപയുടെ കുറവുണ്ടായതായി ഓഡിറ്റിൽ കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ വിശദീകരണമാരാഞ്ഞ് നൽകിയ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ, ടി ജീവനക്കാരിൽ നിന്നും 119040103620/21-10-19 നമ്പർ രസീത് പ്രകാരം 1350/- രൂപയും, 119040103625/21-10-19 നമ്പർ രസീത് പ്രകാരം 250/- രൂപയും അടക്കം ആകെ 1600/- രൂപ ഈടാക്കി തനതു ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 1-14 ഫാക്ടറികൾക്കും,വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-പിരിവിൽ അപാകത

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചു വരുന്ന റേഷൻ കടകൾ, സപ്ലൈകോ സൂപ്പർ മാർക്കറ്റ്, മാവേലി സ്റ്റോർ, എൻകേയ്സ് ബാർ, കള്ള് ഷാപ്പുകൾ, തുടങ്ങിയ സ്ഥാപനങ്ങൾ 2018-19 വർഷം ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു വരുന്നു. നിലവിലും ഇവ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്.

അതു പോലെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നില്ലായെന്നു കാണുന്നു. നിലവിൽ ലൈസൻസുള്ളവർ ഒരു സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ പഞ്ചായത്തിൽ നൽകിയിരിക്കണമെന്നതാണ് ചട്ടം. ഇത് പഞ്ചായത്തിൽ പാലിക്കപ്പെടുന്നതായി കാണുന്നില്ല.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/21.10.19) ടി സ്ഥാപനങ്ങൾ ഓഡിറ്റ് വേളയിലും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും, ഈ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുപോലെ ലൈസൻസ് പുതുക്കുന്നതിലുള്ള വീഴ്ച ബോധ്യപ്പെട്ടതായും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന

മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷത്തെ 124 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 96400/-രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ടെന്ന് ഇത് സംബന്ധമായ ഓഡിറ്റന്വേഷണത്തിന്(നം.7/21.10.19) മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിങ് മറുപടി നൽകുകയുണ്ടായി. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-16 പാലിയേറ്റീവ് കെയറിന് മരുന്നു വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്റ്റ് നം. S0004/18-19

അടങ്കൽ 9,93,000/-

ചെലവ് 9,22,266/-

മെഡിക്കൽ ഓഫീസർ, ആർഎച്ച്ടിസി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിക്കായി ആകെ 9,22,266/- രൂപ ചെലവു ചെയ്തതിൽ, 5,45,000/- രൂപ വിനിയോഗിച്ചത് മരുന്നും മറ്റ് മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനാണ്. (2,53,000/- (ബിൽ നം.11/18-19), 2,92,000/- രൂപ ബ്ലോക്ക് വിഹിതം- ചെക്ക് നം.1492935/29-12-18). മരുന്നുകളുടെ സപ്ലൈ സംബന്ധിച്ച് പ്രഫോർമ ഇൻവോയ്സുകൾ (പിആർഎഫ്3007/05-12-18, പിആർഎഫ്3009/05-12-18) ഫയലിൽ കാണുന്നുണ്ടെങ്കിലും ഇതുപ്രകാരമുള്ള മരുന്നുകൾ ഒന്നും തന്നെ ലഭ്യമായതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം- 21 ന് നൽകിയ മറുപടിയിൽ മരുന്നുകൾ ഇന്നേവരെ ലഭ്യമായിട്ടില്ലയെന്നും, ആയതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 545000/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെയും അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-17 ലഭിച്ച മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്റ്റ് നം. S0013/18-19

അടങ്കൽ 3,00,000/-

ചെലവ് 3,00,000/-

ബിൽ നം. 01/18-19/16.10.18

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടി മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടുമുണ്ട്. എന്നാൽ LF 1793/27-03-2019 എന്ന ഇൻവോയ്സ് നമ്പർ പ്രകാരം ലഭിച്ച താഴെപ്പറയുന്ന മദർ ടിങ്ചർ വിഭാഗത്തിലുള്ള മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ആശുപത്രിയിലേയ്ക്ക് എടുത്തതായി കാണുന്നില്ല. എന്നാൽ 27-03-2019 ന ശേഷം വാങ്ങിയതും, ലഭിച്ചതുമായ ഇതേ വിഭാഗത്തിലുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുള്ളതായും രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നു.

| ക്രമ നം | മരുന്നുകളുടെ പേരുവിവരം | എണ്ണം | വില (ജിഎസ്ടി 5% ഉൾപ്പടെ) |
|---|---|---|---|
| 1 | Lemna minor | 100ml x 3 | 110.25 (@35) |
| 2 | Ocimum cann | 100ml x 10 | 367.50 (@35) |

| | | | |
|---|---|---|---|
| 3 | Plantago Major | 100ml x 5 | 241.50 (@46) |
| 4 | Teucrel M | 100ml x 5 | 241.50 (@46) |
| 5 | Thuja OCC | 100ml x 1 | 36.75 (@35) |
| 6 | Zingiber | 100ml x 3 | 126.30 (@40) |
| | | ആകെ | 1123.18രൂ. |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം -33 ന് മറുപടി ലഭ്യമാക്കിയില്ല. 1124/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

### 1-18 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽ കൂട്ടാവുന്നതാണ്.

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 എന്നീ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി, മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്നു വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയും പ്രകാരം കാലഹരണപ്പെട്ട നിക്ഷേപം ഉള്ളതായി കാണുന്നു. എന്നാൽ ഇവ മേൽപ്പറഞ്ഞ പ്രകാരം പഞ്ചായത്ത് റവന്യൂഅക്കൗണ്ടിലേക്ക് വരവു വച്ചതായി കാണുന്നില്ല.

I . സപ്ലൈയേഴ്സ് ഇ.എം.ഡി.

1. 2014-2015 – 8,950
2. 2015-2016 -12,828

II. കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്

1. 2012-2013- 1,600
2. 2014-2015 – 27,945
3. 2015-2016 -1,986

III.ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്

1.2014-2015 -5,589

2.2015-2016 -1,750

IV.ബിഡ്ഡേഴ്സ് ഇ.എം.ഡി.

1. 2010-11 - 34,875
2. 2011-2012 - 40,263
3. 2012-2013 - 13,700
4. 2013-2014 - 43,570
5. 2015-2016 - 1,24,161
6. 2016-2017 - 683

V.അദർ ഡെപ്പോസിറ്റുകൾ

1. 2014-2015 - 30,000
2. 2015-2016 - 2,30,040

3 വർഷത്തിലധികമുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-19 പെൻഷൻ കോൺട്രിബ്യൂഷൻ ശമ്പളപരിഷ്കരണത്തിനാനുപാതികമായി അടവാക്കിയിട്ടില്ല

സ. ഉ (പി) 7/2016/ഫിൻ, തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 – 2018-19 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 3 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ഒരു ഗഡു പണമായി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ശമ്പളപരിഷ്കരണത്തിനാനുപാതികമായി അടവാക്കേണ്ടതാണ്. എന്നാൽ 1,2,3 ഗഡുക്കൾക്ക് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1, 2,3 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടുണ്ടോയെന്ന അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്(നം.4/18.10.2019) മറുപടി ലഭ്യമാക്കിയില്ല. തുക അടവാക്കി വിവരമറിയിക്കേണ്ടതാണ്.

### 1-20 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു.

പൊതുവിദ്യാഭ്യാസവകുപ്പ് ഉത്തരവ് നം.ജി.ഒ.(ആർ.ടി)2422/2007/പൊ.വി.വ./1.8.2007 പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു എൽ.എസ്.ജി.ഡി.എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അൺഎയ്ഡഡ് ഹൈസ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു 1000/- രൂപയാണ് ഫീസ്. ടി പഞ്ചായത്തിലെ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്കൂളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടില്ല എന്നതാണ്. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് 12.09.2011-ലെ 42448/ഈ.ഡബ്ല്യു3/2011/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം സർക്കാർ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലെന്നും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

മേൽ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളും, എന്നിവ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് 30.12.2016-ലെ 792455/ഇ.ഡബ്ല്യു3/2016/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾ, ബാലകൈരളി, അങ്കണവാടികൾ എന്നിവ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഉറപ്പാക്കേണ്ടതാണ്.

### 1-21 നിർവ്വഹണ ചുമതല- സ്പഷ്ടീകരണം ലഭ്യമായില്ല

ചെട്ടികാട് റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററിലെ മെഡിക്കൽ ഓഫീസറാണ് അലോപ്പതി മരുന്നുകൾ വാങ്ങുന്നതിന്റേയും മെഡിക്കൽ രംഗത്തെ മറ്റ് പദ്ധതികളുടേയും നിർവ്വഹണം നിലവിൽ നടത്തി വരുന്നത്. 2018-19 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ അടങ്കൽ 18,34,280/- രൂപയാണ്. ഇതിൽ 17,12,160/- രൂപയുടെ ചിലവ് നടത്തിയിട്ടുമുണ്ട്. എന്നാൽ ആർഎച്ച്ടിസി എന്ന ഈ സ്ഥാപനം നിലവിൽ പഞ്ചായത്തിന്റെ അധീനതയിലല്ല. പിഎച്ച് സെന്റർ ആയിരുന്നപ്പോൾ പഞ്ചായത്തിന്റെ കീഴിലായിരുന്ന ഈ സ്ഥാപനം ആർഎച്ച്ടിസി ആയി മാറിയപ്പോൾ ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകുകയാണുണ്ടായത്. നിലവിൽ

ഈ സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണുള്ളത്. പഞ്ചായത്തിന്റെ അധീനതയിൽപ്പെടാത്ത സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥൻ പഞ്ചായത്തിന്റെ പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത് ക്രമപ്രകാരമാണോയെന്നും, ഇതിന് നിയമ സാധുതയുണ്ടോയെന്നും ആരാഞ്ഞ് നൽകിയ 22-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ പഞ്ചായത്തിൽ നില നിൽക്കുന്ന ഹെൽത്ത് സെന്ററിന്റെ മെഡിക്കൽ ഓഫീസറാണ് അതിന്റെ നിർവ്വഹണ ഓഫീസറെന്നും, ഈ പഞ്ചായത്തിന്റെ കീഴിൽ വേറെ പിഎച്ച്സികളില്ല ആയതു കൊണ്ടാണ് നിർവ്വഹണം നടത്തിയതെന്നുമാണ് വിശദീകരണം. ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 അങ്കണവാടിയിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ -സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ കൃത്യതയില്ല.

അങ്കണവാടിയിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ – സ്റ്റോക്ക് എൻട്രി വരുത്തുന്നതിൽ താഴെപ്പറയുംപ്രകാരം അപാകത കാണുകയുണ്ടായി.

1). പ്രോജക്ട് നം. 40/19 ൻ കീഴിൽ 348995 /- രൂപ ചെലവഴിച്ച് APSCB ltd No.257 ,കോമളപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഭക്ഷ്യവസ്തുക്കൾ ഐ.സി.ഡി.എസ്.സൂപ്പർവൈസർ സ്റ്റോക്കിലെടുത്തതിൽ ചുവടെ ചേർക്കും പ്രകാരമുള്ള വ്യത്യസം കാണുകയുണ്ടായി .

| ഭക്ഷ്യവസ്തുക്കൾ | ബില്ല് പ്രകാരം അളവ് | നിർവ്വഹണോദ്യോഗസ്ഥന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അളവ് |
|---|---|---|
| ഉഴുന്ന് | 373 kg | 270 kg |
| പയർ | 3150 kg | 3225 kg |

സ്റ്റോക്കിലെടുത്തതിൽ ഉഴുന്നിന്റെ അളവ് കുറവായിട്ടും പയർ കൂടുതലും ആണ്.

2) 108-ാം നമ്പർ അങ്കണവാടിക്ക് 22.10.2018ൽ നിർവ്വഹണോദ്യോഗസ്ഥൻ വിതരണം ചെയ്തതായി കാണിച്ചിട്ടുള്ള അളവിൽ നിന്നും വ്യത്യസ്തമായ അളവാണ് അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഭക്ഷ്യവസ്തുക്കൾ | Icds സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | അങ്കണവാടി ടീച്ചറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം |
|---|---|---|
| ഉഴുന്ന് | 10kg | 5kg |
| പയർ | 20kg | 25kg |

3)അങ്കണവാടി നം 100 ലെ സ്റ്റോക്ക് രജിസ്റ്ററി ൽ THRS കൈപ്പറ്റിയത് രേഖപ്പെടുത്താതെ വിതരണം മാത്രമാണ് എഴുതിയിട്ടുള്ളത്. ഈ അങ്കണവാടിയിലെ സ്റ്റോക്ക് രജിസറ്ററിലെ 2018 ആദ്യമാസങ്ങളിലെ സ്റ്റോക്കിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഭാഗം ശൂന്യമായിട്ടാണ് ഓഡിറ്റ് വേളയിൽ കാണപ്പെട്ടത്. പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം (നമ്പർ 27/18-19) നൽകിയതിനെ തുടർന്ന് സ്റ്റോക്ക് രജിസ്റ്ററുകളിൽ ഓഡിറ്റ് എൻക്വയറിക്ക് അനുസൃതമായി മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും, അങ്കണവാടികളിലെ വിതരണവുമായി പൊരുത്തപ്പെടേണ്ടതാണ്. ഐ.സി.ഡി.എസ്.സൂപ്പർവൈസർ അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ ഓരോമാസവും പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി പരിശോധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ

സബ്സിഡി മാർഗ്ഗരേഖ സ.ഉ.കൈ 22/18/തസ്വഭവ 14.12.18 പ്രകാരം വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും വിതരണം ഗുണഭോക്താക്കളുടെ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. കൂടാതെ ഇവ കൃഷി ഭവൻ, ഇക്കോഷോപ്പ് എന്നിവ വഴി വിതരണം ചെയ്യണം. കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലൊന്നും പ്രസ്തുത സർക്കാർ ഉത്തരവിലെ ഈ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. കൃഷി ഓഫീസർ നടപ്പിലാക്കിയ കശുമാവിൻ തൈകൾ വിതരണം, വാഴവിത്ത് വിതരണം പദ്ധതികളിൽ തൈകൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ പൂർണ്ണമായ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. വിതരണരേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ശേഷമാണ് വിതരണരേഖകൾ ഹാജരാക്കുകയുണ്ടായത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭരണസമിതി അംഗങ്ങൾ വഴിയാണ് വിതരണം നടപ്പാക്കിയിട്ടുള്ളത് എന്നാണ് നിർവഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയത്. കാർഷിക

മേഖലയിലെ പ്രോജക്ടുകളുടെ പ്രയോജനം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കൃഷി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

### 1-24 തെങ്ങിൻ തൈവിതരണം പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

പ്രൊജക്ട് നം - S0105/19
അടങ്കൽ - 225000/-(വികസനഫണ്ട്)
75000 /-(ഗുണ.വിഹിതം)
ബിൽ നം -
12/18-19 /15.01.19-51051 /-
22/18-19 /26.02.19 - 54264 /-
23/18-19 /26.02.19- 54532 /-
39/18-19/16.03.19- 65,000/-
ഗുണ.വിഹിതം-74949/- (ചെക്ക് നം- 2789814/22.03.2019)

കൃഷി ഓഫീസർ നടപ്പാക്കിയ തെങ്ങിൻ തൈ വിതരണം പദ്ധതിക്കായി DxT തൈകൾ 119/- രൂപ നിരക്കിൽ വാങ്ങുന്നതിനായി 224847 /- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് സതേൻ ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ബില്ലോ, വിതരണ സ്റ്റേറ്റ്മെന്റോ, തൈകൾ സ്റ്റോക്കിലെടുത്തതിന്റെയോ രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയിരുന്നില്ല. ഇവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ശേഷമാണ് പ്രസ്തുത രേഖകൾ കൃഷി ഓഫീസർ ഹാജരാക്കിയത്. ഹാജരാക്കിയ രേഖകളോടൊപ്പം ഡെലിവറിനോട്ട്, ക്യാഷ്ബിൽ എന്നിവ ലഭ്യമാക്കിയിരുന്നില്ല. ക്യാഷ് ബില്ലിന് പകരം ഇൻവോയ്സ് ആണ് ഹാജരാക്കിയത്. വിതരണ രേഖയിൽ തീയതി ചേർത്തിട്ടില്ല. ആദ്യത്തെ ബില്ല് മാറിയത് ഡിസംബർമാസത്തിലും മറ്റുള്ളവ ഫെബ്രുവരി, മാർച്ച് മാസത്തിലുമാണ്. എന്നാൽ തെങ്ങിൻ തൈകളുടെ വിതരണം പൂർത്തിയായത് ജൂലൈ മാസത്തിലാണെന്ന് കൃഷി ഓഫീസർ വാക്കാൽ അറിയിക്കുകയുണ്ടായി. ഡെലിവറി നോട്ടിന്റെ അഭാവത്തിൽ ഏതൊക്കെ തീയതികളിൽ തൈ വിതരണം നടത്തി എന്നതിന്റെ കൃത്യമായ വിവരം ലഭ്യമായില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

### 1-25 സ്ത്രീസൌഹൃദ ഗ്രാമം പദ്ധതി -അപാകതകൾ

പ്രൊജക്ട് നം - S0180/19

അടങ്കൽ - 123157 /-(വികസനഫണ്ട്)

ബിൽ നം - 11/18-19 /14.03.19 , 84714 /-

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

സ്ത്രീസൌഹൃദ ഗ്രാമം പദ്ധതിയോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ രണ്ട് ദിനപത്രം ഇടുന്നതിന്റെ ചെലവിനായി 84714 /- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ യുവഭാരത് സാംസ്കാരിക നിലയം, സർവോദയപുരം സാംസ്കാരിക നിലയം, IHDP കോളനി വായനശാല എന്നീ ലൈബ്രറികളിൽ ദിനപത്രം ലഭ്യമാക്കുന്നതിനായി പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നും തൻവർഷം 35510/- രൂപ ചെലവഴിച്ചതായി ബന്ധപ്പെട്ട സെക്ഷൻ അറിയിക്കുകയുണ്ടായി. ഓരോവാർഡിലും വീണ്ടും ഇപ്രകാരമുള്ള ചെലവിന് തുക അനുവദിക്കുന്നത് ആവർത്തനചെലവിന് കാരണമാകുന്നുണ്ട്. കൂടാതെ അങ്കണവാടിയിൽ വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമാണ് ഇതിന്റെ സേവനം ലഭ്യമാകുന്നത്. ഈ പദ്ധതി മുഖേന ഓരോ വാർഡിലെ മുഴുവൻ ജനങ്ങളെയും വായനയുടെ ലോകത്തേക്ക് കൊണ്ടുപോകാൻ ഈ പ്രൊജക്ടിന് സാധിക്കുമോ എന്ന് സംശയിക്കുന്നു. 23 വാർഡുകളിലെയും പത്രം ലേലം ചെയ്ത് വിൽക്കുന്നതിലൂടെ ലഭ്യമാകുന്ന തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന്റെ രസീത് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. പത്രം ഇടുന്ന ഏജന്റിന്റെ അക്കൌണ്ടിലേക്ക് പത്രത്തിന്റെ തുക നല്കുന്നതിന് പകരം ഓരോ വാർഡിലെയും ജാഗ്രതാസമിതി കൺവീനറുടെ അക്കൌണ്ടിലേക്കാണ് തുക നല്കിയിട്ടുള്ളത്. പത്ര ഏജന്റ് തുക കൈപ്പറ്റിയതിന്റെ രസീത് പരിശോധനയ്ക്ക് ഹാജരാക്കിയുണ്ട്. ഏജന്റ് സ്ഥാപനത്തിന് ലഭ്യമാക്കിയ പത്ര വിലയുടെ രസീതിൽ പത്രം ഏത് സ്ഥാപനത്തിനാണ് നല്കുന്നതെന്നോ, ഏതൊക്കെ പത്രമാണ് ഇടുന്നതെന്നോ ഉള്ള വിവരങ്ങൾ ഇല്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ അങ്കണവാടിയിൽ വരുന്ന രക്ഷിതാക്കൾ, കൌമാരക്കാരായ കുട്ടികൾ എന്നിവർ പത്രം വായിക്കുന്നുവെന്ന മറുപടി

നല്കിയിട്ടുണ്ട്. ഓരോ അങ്കണവാടിയിലും സൂക്ഷിക്കുന്ന പത്രം സൂക്ഷിച്ച് കെട്ടിവെച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിക്കുകയുണ്ടായി. ഈ പത്രം ലേലം ചെയ്ത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഒരു വനിതാഘടകപദ്ധതി വഴി സ്ത്രീകളുടെ തൊഴിൽ, വരുമാനം, സാമൂഹ്യപദവി എന്നിവ വർദ്ധിപ്പിക്കുകയാണ് വേണ്ടത്. എന്നാൽ ഈ വിധത്തിലുള്ള യാതൊരു നേട്ടവും ഈ പദ്ധതി വഴി ലഭ്യമായിട്ടില്ല. മാർഗ്ഗരേഖ പ്രകാരമുള്ള ലക്ഷ്യം നിറവേറ്റുന്നതിനായി ഇപ്രകാരമുള്ള വനിതാഘടകപദ്ധതികൾ തുടർന്നും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായില്ല.

പ്രോജക്ട് നം. എസ്0039/19

അടങ്കൽ 963817/-(വികസനഫണ്ട്)

ചെലവ് – 13/18-19/20.03.2019, 142040/-

– 15/ 18-19/24.03.209, 142040/ -

– 6/18-19/30.11.2018, 316640/-

– 3/18-19/30.06.2018, 177000/-

ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകർമ്മസേനയ്ക്ക് തൻവർഷം 777720/- രൂപ താഴെപറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

1) ഇതിൽ 177000/- രൂപ ഹരിതസേനാംഗങ്ങളുടെ അക്കൗണ്ടിലേക്കും 600720/- രൂപ ബി.പി.എൽ കുടുംബങ്ങളിൽ നിന്നും ലഭിക്കേണ്ട യൂസർ ഫീ ഇനത്തിൽ ഹരിതകർമ്മസേനയുടെ കൺവീനറുടെയും, സെക്രട്ടറിയുടെയും പേരിലുള്ള കേരളാഗ്രാമീൺബാങ്ക് കലവൂർ ശാഖയിലെ അക്കൌണ്ടിലേക്കും കൈമാറി നൽകിയതാണ്. സ. ഉ (സാധാ) നം 1391/18 /തസ്വഭവ/19.05.2018 പ്രകാരം ഓരോവാർഡിലെയും വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഹരിതമിഷന് നിശ്ചയിച്ച് നല്കണം, കൂടാതെ ഹരിതകേരളം മിഷന്റെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും രൂപീകരിക്കുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് ഒരു വാർഡിന് 23,175 /- രൂപയിൽ അധികരിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും നല്കാവുന്നതാണ്. ഇതിൽ നിന്നും അധികരിക്കുന്ന തുക അനുവദിക്കുന്നതല്ല. എന്നാൽ 600720/- നൽകിയതിന്റെ അടിസ്ഥാനവും കൃത്യതയും പരിശോധനാവേളയിൽ വ്യക്തമാക്കിയിട്ടില്ല.

2. മാലിന്യസംസ്കരണ പദ്ധതിക്കായി തെരഞ്ഞെടുത്ത ഹരിതകർമ്മസേനംഗങ്ങളുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് ഓഡിറ്റിൽ ഹാജരാക്കിയില്ല.

3.ജൂൺ മുതൽ ജനവരി വരെയുള്ള മാസങ്ങളിൽ ഹരിതകർമ്മസേന കളക്ട് ചെയ്ത പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ വിശദാംശങ്ങൾ നിർവ്വഹണോദ്യഗസ്ഥൻ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

4.സ. ഉ (സാധാ) നം 2420/17/1തസ്വഭവ/15.07.2017 ഉത്തരവിൽ ഗാർഹിക സേവനങ്ങൾക്കും സ്ഥാപനങ്ങൾക്കുമുള്ള സേവനങ്ങൾക്കും വ്യത്യസ്ഥ രീതിയിൽ യൂസർ ഫീ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണെന്നും ഇതിൽ BPL കുടുംബങ്ങൾക്ക് ഇളവ്/ഒഴിവ് നൽകാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ BPL ഇതര കുടുംബങ്ങൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ഈടാക്കിയ യൂസർ ഫീ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5.ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി തുക വികസനഫണ്ടിൽ നിന്നും ചെലവഴിക്കുമ്പോഴും ഹരിതകർമ്മസേനയ്ക്കായി മെറ്റീരിയൽ കളക്ഷൻ സെന്ററുകളോ ,മറ്റ് അനുബന്ധ സൌകര്യങ്ങളോ ഗ്രാമപഞ്ചായത്ത് ഒരുക്കിയിട്ടില്ല. അജൈവമാലിന്യങ്ങളുടെ സംഭരണവും സംസ്കരണവും എപ്രകാരമാണ് നിർവ്വഹിക്കപ്പെടുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.

6. സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതും റിപ്പോർട്ട് തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കൈമാറേണ്ടതുമാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആവശ്യപ്പെട്ട രേഖകൾ ഒന്നും ഹാജരാക്കിയില്ല. മാലിന്യനിർമ്മാർജ്ജനം ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുംപ്രകാരം

നിർവ്വഹിക്കപ്പെടുന്നുണ്ടെന്നുറപ്പുവരുത്താനാവ
ശ്യമായ മേൽനോട്ടവും തുടർ പ്രവർത്തനങ്ങളും പഞ്ചായത്ത് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

### 1-27 സ്പോർട്സ് ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ നൽകൽ-ക്ലബ്ബുകളുടെ രജിസ്ട്രേഷൻ വിവരം ലഭ്യമായില്ല

പ്രൊജക്റ്റ് നം. 58/19

അടങ്കൽ – 3,00,000/-

ചെലവ് – 2,33,770

ബിൽ നം. 39/18-19/20-03-2019

എച്ച്.എം നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) യുവജന ക്ലബ്ബുകളുടെ ഏകോപന സമിതി രൂപീകരിച്ച് അവരുമായി കൂടിയാലോചിച്ച് വേണം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങേണ്ടതും വിതരണം നടത്തേണ്ടതും എന്നും പദ്ധതി രേഖ നിഷ്കർഷിക്കുന്നു. എന്നാൽ ഇപ്രകാരം ക്ലബ്ബുകളുടെ ഏകോപനസമിതി രൂപീകരിച്ചതിന്റെയും അവരുമായി കൂടിയാലോചന നടത്തിയതിനും രേഖാപരമായ സാധൂകരണം ലഭ്യമായിട്ടില്ല.

2) 60 ക്ലബ്ബുകൾക്കായി കായിക ഉപകരണങ്ങൾ നൽകിയെങ്കിലും പല ക്ലബ്ബുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ തന്നെ പത്തും, പതിനഞ്ചും അതിലധികമോ വർഷങ്ങൾ പഴക്കമുള്ളവ. യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ ഈ ക്ലബ്ബുകൾക്ക് രജിസ്ട്രേഷൻ നിലവിലുണ്ടോ എന്ന് വ്യക്തതയില്ല. രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-28 പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നം | തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | തെരുവ് വിളക്ക് സ്ഥാപിക്കൽ (165/18-19) | 2682211 | 1492929/16.8.18 |
| 2 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ (236/18-19) | 136183 | 163/19-12.18 |

പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരണവിവരങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം

ഒഴിവാക്കേണ്ടതാണ്.

## 1-29 രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

പ്രോജക്ട് നം. 7/18-19

പ്രോജക്ടിന്റെ പേര് -തുല്യത വിദ്യാഭ്യാസം

അടങ്കൽ 2,00,000/-

താഴെ പറയുന്ന ബില്ല് പ്രകാരം തുല്യത വിദ്യാഭ്യാസം പദ്ധതിക്കുവേണ്ടി 1,93,150/-രൂപ ചെലവായിട്ടുണ്ട്.

| ക്രമ നം. | ബില്ല് നമ്പരും തീയതിയും | കോഴ്സിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം/നിരക്ക് | തുക |
|---|---|---|---|---|
| 1 | 29/18-19 /11.3.19 | പത്താംതരം തുല്യത | 29@2,350/- | 68,150/- |
| 2 | 47/18-19 /27.3.19 | പ്ലസ്സ് 2 തുല്യത | 50@2,500/- | 1,25,000/- |
| | ആകെ | | | 1,93,150 |

മേൽ പറഞ്ഞ തുകകൾക്ക് സാക്ഷരത മിഷന്റെ കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. കൂടാതെ ഗുണഭോക്താക്കൾ കോഴ്സിന് രജിസ്റ്റർ ചെയ്തതായോ ക്ലാസ്സുകളിൽ പങ്കെടുത്തതിന്റെയോ,പരീക്ഷകൾ എഴുതിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയവ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-30 ടി.ഡി.എസ് ഫയലിംഗിന് പരിധി ലംഘിച്ച് തുക ചെലവഴിച്ചു

2018-19 സാമ്പത്തിക വർഷം ജീവനക്കാരുടെ പാദവാർഷിക ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനായി തനത് ഫണ്ടിൽ നിന്നും താഴെപറയുന്ന വൗച്ചറുകൾ പ്രകാരം 3000/- രൂപ പിൻവലിച്ച് ഇൻഫോടെക്ക് എന്റർപ്രൈസ്, അദ്രൂർ എന്നീ സ്ഥാപനത്തിന്/വ്യക്തിക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പാദവർഷം | നൽകിയ സ്ഥാപനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|---|
| 1 | ഒന്നാം പാദവർഷം | ഇൻഫോടെക്ക് എന്റർപ്രൈസ് | 21800561/ 5.9.2018 | 1200 |
| 2 | രണ്ടാം പാദവർഷം | -ടി- | 21800782/ 8.11.18 | 600 |
| 3 | മൂന്നാം പാദവർഷം | -ടി- | 21801174/ 28.2.19 | 1200 |
| | ആകെ | | | 3000 |

1961ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 206(2) അനുസരിച്ച് ഉറവിടത്തിൽ നിന്നും ആദായ നികുതി ഈടാക്കുന്ന ഓഫീസുകൾ അതുസംബന്ധിച്ച റിട്ടേൺ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനുള്ള നടപടിയും കൈക്കൊള്ളേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന രേഖകൾ upload ചെയ്യുന്നതിനുള്ള ഫീസ് മാത്രമാണ് ബാഹ്യ ഏജൻസിയ്ക്ക് നൽകാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടേത് ഉൾപ്പെടെയുള്ള 2018-19 വർഷത്തെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിനായി 3000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു പാദവർഷത്തെ return upload

ചെയ്യുന്നതിന് 50 രൂപ മാത്രമാണ് ബാഹ്യ ഏജൻസിയ്ക്ക് നൽകാവുന്നത്.

കൂടാതെ 1961ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 206(2) അനുസരിച്ച് ജീവനക്കാരുടെ ആദായ നികുതി തുക ഈടാക്കുന്ന ഓഫീസിൽ തന്നെയാണ് റിട്ടേൺ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടത്. ആയതിനാൽ അപ് ലോഡിംഗ് ചാർജ്ജ് ഒഴിച്ചുള്ള (3 x 50 = 150) 2,850/- രൂപ തനതുഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

### 1-31 വെള്ളക്കരം കടിശിക

ഗ്രാമ പഞ്ചായത്തിലെ 1270 പൊതു ടാപ്പുകൾക്ക് പ്രതിമാസം 555625/- രൂപ പ്രകാരം വെള്ളക്കരം കൃത്യമായി പഞ്ചായത്തിൽ നിന്നും ഒടുക്കിവരുന്നുണ്ട്. എന്നാൽ വാട്ടർ അതോറിട്ടിയുടെ 3/2019 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കടിശിക 1,56,28,015/- രൂപയാണ്. എന്നാൽ ഗ്രാന്റിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ള തുക മുഴുവൻ കടിശികയിനത്തിൽ വരവ് വെച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വാട്ടർ അതോറിട്ടിയിൽ നിന്നും വ്യക്തതവരുത്തിയിട്ടുള്ളതായി കാണുന്നില്ല. അതുപോലെ നിലവിൽ പ്രവർത്തന ക്ഷമമായ പൊതു ടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഈടാക്കിയ തുക |
|---|---|
| 2018-19 | 436978(പൊതു വിഭാഗം) |
| 2018-19 | 1081458 (റോഡിതരം) |
| ആകെ | 1518436 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.10/20.10.2019) ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി ഉദ്യോഗതലത്തിൽ മാത്രമല്ല ഭരണതലത്തിലും സ്വീകരിക്കേണ്ടതാണ്.

### 1-32 പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി- പ്രോജക്ടുകളിലെ അപാകതകൾ

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ SC/ST വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടുകളുടെ വിശദാംശവും അപാകതകളും ചുവടെ കൊടുക്കുന്നു.

a) പ്രോ.നം. :124/19 (പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പഠനമുറി)

അടങ്കൽ : 4,00,000/-(വി.ഫ.-റ്റി.എസ്.പി)

ചെലവ്: 1,00000/-(1.ബിൽ നം.14/18-19/19.01.19-50000/-

2.ബിൽ നം.16/18-19/05.02.19-50000/-)

പഞ്ചായത്തിലെ പട്ടിക വർഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഒരാൾക്ക് 2 ലക്ഷം രൂപ നൽകി വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി പണിത് നൽകുകയായിരുന്നു പദ്ധതി ലക്ഷ്യം.

പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1) സദാനന്ദൻ, പ്രേംകുമാർ എന്നിവർ അഡ്വാൻസ് തുകയായ 50000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചതായ രേഖകളൊന്നും ലഭ്യമല്ല.

2) പഠന മുറി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന വ്യവസ്ഥയോടെ ഗുണഭോക്താക്കളുമായി

ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടില്ല. ശൂന്യമായ മുദ്രപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

b) പ്രോ.നം. :123/19 (പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി)

അടങ്കൽ : 18,00,000/-( വി.ഫ.-എസ്.എസ്.പി)

ചെലവ്: 10,00,000/-(ബിൽ നം.09/18-19/17.11.18- 2,50,000/-

2.ബിൽ നം.12/18-19/15.12.18- 50,000/-

3. ബിൽ നം.13/18-19/19.01.19- 1,00,000/-

4. ബിൽ നം.17/18-19/22.02.19 -1,00,000/-

5.ബിൽ നം.18/18-19/22.02.19 -50,000/-

6.ബിൽ നം.19/18-19/22.02.19 -50,000/-

7.ബിൽ നം.21/18-19/22.02.19 -40,645/

8.ബിൽ നം.24/18-19/15.03.19 -50,000/-

9.ബിൽ നം.26/18-19/24.03.19 -59,355/-

10.ബിൽ നം.27/18-19/21.03.19 - 50000/-

11.ബിൽ നം.28/18-19/21.03.19 - 1,00,000/-

12.ബിൽ നം.29/18-19/21.03.19 – 1,00,000/-)

800 ചതുരശ്രയടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്രയടി വിസ്തീർണ്ണത്തിൽ പഠനമുറി പൂർത്തീകരിച്ച് അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ എന്ന പ്രകാരം 9 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ കണ്ട ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1) ഗുണഭോക്താക്കൾ എത്ര തുക കൈപ്പറ്റി എന്നത് സംബന്ധിച്ച കൃത്യമായ കൈപ്പറ്റ് രേഖ/രജിസ്റ്റർ ലഭ്യമല്ല.ഫയലിലുള്ള ബില്ലിന്റെ പകർപ്പ് പ്രകാരം ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് കൈമാറിയ തുക പരിശോധിച്ചതിൽ പ്രസ്തുത 9 ഗുണഭോക്താക്കളിൽ മനോഹരൻ, തങ്കച്ചൻ എന്നിവർ മാത്രമാണ് പ്രവൃത്തി പൂർത്തിയാക്കി മുഴവൻ തുകയും(2 ലക്ഷം വീതം) കൈപ്പറ്റിയിട്ടുള്ളത്. ബാക്കിയുള്ള 7 ഗുണഭോക്താക്കൾക്കായി താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ടിയാളുകൾ മുഴവൻതുക കൈപ്പറ്റിയതിന്റയോ,പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെയോ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം |
|---|---|---|---|
| 1 | സുഗുണൻ വെളിയിൽ | 50,000/- | 9/18-19 |
| 2 | ധന്യ കെ മോഹൻ, കൊരാത്ത് | 50,000/- | 9/18-19 |
| 3 | പ്രീത, തയ്യിൽ വീട് | 1,00,000/- | 9/18-19<br>28/18-19 |
| 4 | അനിലജയൻ, പന്നവേലിവെളി | 1,00,000/- | 12/18-19<br>27/18-19 |
| 5 | വസുമതി, ദേവസ്വംവെളി | 1,50,000/- | 13/18-19<br>24/18-19,<br>26-18/19 |
| 6 | സുഭാഷ് മാതനാട് | 1,00,000/- | 18/18-19<br>28/18-19 |

| | | | |
|---|---|---|---|
| 7 | സന്തോഷ് വി.എസ് | 50,000/- | 17/18-19 |
| | ആകെ | 6,00,000/- | |

ഇതിൽ ക്രമ നം. (5)പ്രകാരം 1,50,000/- രൂപ കൈപ്പറ്റിയ ഗുണഭോക്താവിന് മൂല്യനിർണ്ണയത്തിലധികരിച്ച് തുക നൽകിയതായി കാണുന്നു. അസി. എഞ്ചിനിയറുടെ 19.03.2019-ലെ സർട്ടിഫിക്കറ്റ് പ്രകാരം പഠനമുറിയുടെ പ്രവൃത്തി മൂല്യം 107863/- രൂപയാണ്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.8/19.10.19) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മൂല്യനിർണ്ണയത്തിലധികരിച്ച് നൽകിയ 42,137/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല,

## 1-33 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - പഞ്ചായത്തിന് ലഭിക്കേണ്ടതായ കളക്ഷൻ ചാർജ്ജ് ഡിമാന്റ് ചെയ്യുന്നില്ല

1996-ലെ കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട് പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KCWWF ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് നാളിതുവരെ പഞ്ചായത്ത് ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന്(നം. 35/26.10.2019) 2,50,042/- രൂപ ടി ഇനത്തിൽ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ടിലേയ്ക്ക് കിഴിവ് വരുത്തിയിട്ടുണ്ടെന്നും ഇതിനാനുപാതികമായ തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമറിയിച്ചി
ട്ടുണ്ട്.

പ്രവൃത്തികളിൽ നിന്ന് റിക്കവറി ചെയ്തിട്ടുള്ള KCWWF തുകയുടെ 1% ആയ 2500/- രൂപ കളക്ഷൻ ചാർജ്ജിനത്തിൽ പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ - വികസന സാധ്യത ഉറപ്പാക്കുന്നില്ല

പൊതു മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ധാരാളം റോഡ് പ്രവൃത്തികൾ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. ഇപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ (എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലും സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി ആദ്യവാർഷിക പദ്ധതി(2017-18)മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം72/2017/തസ്വഭവ, 29.03.2017 ഖണ്ഡിക 12.10.1 പ്രകാരവും സ.ഉ.(കൈ)നം.11/2018/തസ്വഭവ തീ:29.01.2018 ഖണ്ഡിക 7.13(1) പ്രകാരവും ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റിഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയാറാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾമൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

## 1-35 കോയിപ്പറമ്പിൽ വലിയതയ്യിൽ റോഡ് നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നമ്പർ 107/18) ടെണ്ടർ ക്ഷണിച്ച വാർഡ് 19-ലെ കോയിപ്പറമ്പിൽ വലിയതയ്യിൽ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.പി.എ.ജോർജ്ജുകുട്ടി 31.10.2017 ൽ 10/T/AE/MSGP/17-18നമ്പരായി കരാറിലേർപ്പെട്ട്

31.10.2017-ൽ തന്നെ സൈറ്റ് പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ഏറ്റെടുത്തിരുന്നു. ടെണ്ടർ നിബന്ധന പ്രകാരം പ്രവൃത്തിപൂർത്തീകരണത്തിന് അനുവദിച്ചിരുന്ന കാലയളവ് 6 മാസമാണ്. ഇത് പ്രകാരം 30.04.2018 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ Running Account Bill (form No.23) പ്രകാരം 15.09.2018-ലാണ് പ്രവൃത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല അളവ് പുസ്തകം നം. 475/16-17-ൽ പേജ് നമ്പർ 10-ൽ CC 1st & Part Bill ആയി പ്രവൃത്തി മൂല്യം 134847/- രൂപ എന്നു രേഖപ്പെടുത്തിയിരിക്കേ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതായി വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

12.09.2018-ലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ AE/159/18-19 നമ്പർ കത്തിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പലതവണ ആവശ്യപ്പെട്ടിട്ടും കരാറുകാരൻ ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലായെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ റോഡിന്റെ ഗുണഭോക്താക്കളുടെ പരാതിയിന്മേൽ ടി റോഡ് പരിശോധിച്ചതിൽ അശാസ്ത്രീയമായി ക്വാറിമക്ക് വിരിച്ചതിനാൽ ജനങ്ങൾക്ക് യാത്ര ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. കരാറുകാരൻ ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം ദർഘാസ് റദ്ദ് ചെയ്ത് സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതാണെന്നും അറിയിച്ചിരിക്കെ എം. ബുക്ക് പ്രകാരം പാർട്ട് ബിൽ മാത്രം പാസാക്കി മോണിറ്ററിംഗ് റിപ്പോർട്ടിൽ പ്രവൃത്തി തൃപ്തികരമായിപൂർത്തീകരിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

എം.ബുക്കിൽ അവസാനം അളവ് രേഖപ്പെടുത്തിയിട്ടുള്ള തീയതി 15.09.2018 ആണ്. പാർട്ട് ബില്ലിൽ 134847/- രൂപ മൂല്യം നിർണ്ണയിച്ച് 3371/- രൂപ റീടെൻഷൻ ഇനത്തിലും പിഴയായി 1348/- രൂപയും കണക്കാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് ബിൽ തുക നൽകിയത്. (പിഴ സംബന്ധിച്ച വ്യവസ്ഥകൾ: 2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 ,സെക്ഷൻ 2116.1 കാണുക)

ഈടാക്കേണ്ട പിഴതുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന കാലയളവ് - യഥാർത്ഥ കാലയളവിന്റെ 50% (3 മാസം)30.07.2018 വരെ (എഗ്രീഡ് പി.എ.സി യുടെ 3% നിരക്കിൽ)

264265 x 3% = 7928/- രൂപ

കോമ്പൻസേഷൻ - 01.08.18 മുതൽ 15.09.18 വരെ ( 6 ആഴ്ച) -(6x 0.1)%=0.6%

264265x0.6% =1586/- രൂപ

ആകെ= 9514/- രൂപ. എന്നാൽ പിഴ ഇനത്തിൽ ടിയാനിൽ നിന്നും 1348/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

ദർഘാസ് റദ്ദ് ചെയ്ത് സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പൂർത്തിയാക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശം സഹിതം മേൽ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് റോഡിന് ക്വാറിമക്ക് വിരിക്കുന്ന സമയത്ത് റോഡിന്റെ പരിസരവാസികളിലൊരാൾ ടിയാന്റെ സ്ഥലത്ത് കൂടെ പോകുന്ന റോഡിനെ ചൊല്ലി തർക്കം ഉന്നയിക്കുകയും പ്രവർത്തിയുടെ നിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തുവെന്നും തുടർന്ന് ഗുണഭോക്താക്കളും ടിയാനും തമ്മിൽ തർക്കം ഉണ്ടാവുകയും പ്രവൃത്തി അനിശ്ചിത കാലത്തേയ്ക്ക് നീളുകയും ചെയ്തുവെന്നും വ്യക്തമാക്കുകയുണ്ടായി. കൂടാതെ പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ പരാതിയിൽ ക്വാറിമക്ക് വിരിക്കലിലെ അൺഡുലേഷൻ പരിഹരിക്കാൻ കരാറുകാരനോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ ക്വാറിമക്ക്, ഗ്രാവൽ എന്നിവ ഇട്ട് നിലവിലെ റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നും സ്ഥല പരിശോധനയിൽ 10 സെ.മീ. ഘനമുണ്ടെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് റീടെൻഷൻ 3371/- രൂപയും പിഴയായി (1%) 1348/- രൂപയും കിഴിവ് ചെയ്ത് പ്രവൃത്തിയ്ക്ക് പാർട്ട് ബിൽ പ്രകാരം തുക നൽകിയതെന്നും 2018-19 വർഷത്തെ സ്പിൽ ഓവർ പ്രോജക്റ്റ് ആയതിനാൽ 2019-20 വാർഷിക പദ്ധതിയിലേയ്ക്ക് അംഗീകാരം ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ ടി റോഡ് പൂർത്തീകരിച്ച ഭാഗം അടുത്ത സാമ്പത്തിക വർഷം ടാറിംഗ് പ്രവൃത്തിയായി ഏറ്റെടുത്തതിനാൽ പഞ്ചായത്ത് മോണിറ്ററിംഗ് കമ്മിറ്റി നിലവിൽ പൂർത്തീകരിച്ചതിന് റിപ്പോർട്ട് നൽകുകയാണുണ്ടായതെന്നുമാണ് മറുപടി നൽകിയത്. എന്നാൽ മേൽ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ അപാകതകളെ സാധൂകരിക്കുന്നതല്ല.

പ്രവൃത്തി പൂർത്തീയാക്കാത്തത് സംബന്ധിച്ച് 09.07.2018-ലെ കാരണം കാണിക്കൽ നോട്ടീസ് പ്രകാരം കരാറുകാരന് അറിയിപ്പ് നൽകിയെങ്കിലും മറുപടി നൽകിയില്ലെന്നും റോഡിന്റെ ഗുണഭോക്താക്കളുടെ നിരന്തര പരാതിയെ തുടർന്ന് റോഡ് പരിശോധിച്ചതിൽ അശാസ്ത്രീയമായി ക്വാറി മക്ക് വിരിച്ചതായി ബോധ്യപ്പെട്ടതായും ആയതിനാൽ ജനങ്ങൾക്ക് യാത്ര ചെയ്യാൻ പറ്റാത്ത അവസ്ഥയാണുള്ളതെന്നും മതിയായ അളവിൽ ക്വാറിമക്ക് ഇട്ട് നിരത്തി എത്രയും വേഗം റോഡ് സഞ്ചാരയോഗ്യമാക്കണമെന്നും 12.09.2018-ലെ AE/159/18-19-ാം നമ്പർ കത്തിൽ അസി. എഞ്ചിനിയർ കരാറുകാരനെ അറിയിച്ചതിൽ നിന്നും വേണ്ടത്ര നിലവാരമില്ലാതെയാണ് റോഡ് നിർമ്മിച്ചതെന്ന് വ്യക്തമാണ്. തൃപ്തികരമായി നിർമ്മാണം പൂർത്തിയാക്കിയിരുന്നെങ്കിൽ ഫൈനൽ ബിൽ പ്രകാരം തുക നൽകുമായിരുന്നു. എന്നാൽ ഇവിടെ കരാറുകാരന് പാർട്ട് ബിൽ മാത്രമാണ് പാസാക്കി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത രീതിയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. ആയതിനാൽ സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടേണ്ടതും പിഴയിനത്തിൽ അവശേഷിക്കുന്ന തുകയായ 8166/- രൂപ (9514-1348) ടിയാനിൽ നിന്നും ഈടാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-36 തൊഴിലുറപ്പ് പദ്ധതി- തുക തെറ്റായി നൽകിയത് സംബന്ധിച്ച്

2018-19ൽ പഞ്ചായത്തിലെ തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ വിവിധങ്ങളായ പ്രവൃത്തികളുടെ തുക മറ്റ് അക്കൗണ്ടുകളിലേയ്ക്ക് തെറ്റായി ക്രഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. ആകെ 2,10,155/- രൂപ ഇങ്ങനെ തെറ്റായി ക്രഡിറ്റ് ചെയ്തുവെങ്കിലും 1052/- (460+592) രൂപയൊഴികെ ബാക്കി തുകയെല്ലാം തിരികെ ഒടുക്കിയിട്ടുണ്ട്. ഇതിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38) നൽകിയ മറുപടിയിൽ പണം ഈടാക്കുന്നതിനാവശ്യമായ നടപടികളെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തിരിച്ചടയ്ക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ.

ലോക്കൽ വെണ്ടറുടെ പേര് - ജയ

| ക്രമ നം | വർക്ക് കോഡ് | പ്രവൃത്തി പ്രകാരം/ബിൽ പ്രകാരം നൽകേണ്ട തുക | തെറ്റായി നൽകിയ തുക | ആകെ വ്യത്യാസം |
|---|---|---|---|---|
| 1. | 1611002003/DP /151262 | വിത്ത് 495<br>വളം4100 | 5000<br>5000 | 5405 |
| 2. | 1611002003/DP /151263 | വിത്ത് 4950<br>വളം 3350 | 5000<br>3400 | 100 |
| 3. | 1611002003/DP /151264 | വിത്ത് 550<br>വളം 4540 | 5000 | (-) 90 |
| 4. | 1611002003/DP /151265 | വിത്ത് 1800<br>വളം 3850 | 5000<br>3400 | 2750 |
| 5. | 1611002003/DP /151266 | വിത്ത് 660<br>വളം 4500 | 5000<br>5000 | 4840 |
| 6. | 1611002003/DP /151267 | വിത്ത് 3400<br>വളം4550 | 5000<br>3000 | 50 |
| 7. | 1611002003/DP /151269 | വിത്ത് 4224<br>വളം 3925 | 5000 | (-)3149 |
| | | 44894 | 54800 | 9906 |

അധികം കൈപ്പറ്റിയ തുകയിൽ ടിയാൾ 9446/- രൂപ 30-09-19 -ൽ തിരികെ അടവാക്കിയിട്ടുണ്ട്. വ്യത്യാസം 460/- രൂപ എത്രയും വേഗം ഒടുക്ക വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ലോക്കൽ വെണ്ടറുടെ പേര് - ലളിത

| ക്രമ നം | വർക്ക് കോഡ് | തെറ്റായി നൽകിയ തുക | തിരിച്ചടച്ചത് | തിരിച്ചയ്ക്കാൻ ബാക്കി |
|---|---|---|---|---|
| 1. | 1611002003/WH /111426 | 29892/- | 29300/- | 592/- |
| | | | | 592/- |

തിരിച്ചയ്ക്കാൻ ബാക്കിയുള്ള 592/- രൂ. എത്രയും വേഗം തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-37 തൊഴിലുറപ്പ് പദ്ധതി- വ്യക്തിഗത കക്കൂസ് നിർമ്മാണം(ഐ.എച്ച് എച്ച് എൽ) -നടത്തിപ്പ്

2017-18 ൽ 16 ഗുണഭോക്താക്കളേയും, 2018-19ൽ 34 ഗുണഭോക്താക്കളേയുമാണ് ഈ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ 17-18 ൽ ആകെ 7 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി ധന സഹായം കൈപ്പറ്റിയിട്ടുണ്ട്. ബാക്കി 9 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയതായോ, അവർക്ക് സഹായം നൽകിയതിനെ സംബന്ധിച്ചോ ഉള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഇതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം-39 ന് നൽകിയ മറുപടിയിൽ പണി പൂർത്തീകരിച്ചെങ്കിലും. ബില്ലും, അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ലെന്നും. ഇവ ഹാജരാക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2018-19 വർഷം 34 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ഒരാൾക്ക് പോലും ധനസഹായം നൽകിയിട്ടില്ല. 14 പേർ പണി പൂർത്തിയാക്കിയതായി അറിയിച്ചിട്ടുണ്ട്. ബാക്കി 20 പേർ പണികളൊന്നും തുടങ്ങിയതായി പോലും രേഖകളില്ല. അതുപോലെ പ്രവൃത്തിയുടെ ഭരണാനുമതി സംബന്ധിച്ച രേഖകൾ, ഗുണഭോക്താവിന്റെ തൊഴിൽ കാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഇവയൊന്നും വാങ്ങി ഫയലിൽ

സൂക്ഷിക്കുന്നതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-39 ന് നൽകിയ മറുപടിയിൽ പണി പൂർത്തീകരിച്ച 14 പേർക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണം നൽകുന്നതാണെന്നും, ഓഡിറ്റ് അന്വേഷണത്തിൽ സൂചിപ്പിച്ചതും, അപേക്ഷകരുടെ ഫയലിനൊപ്പം സൂക്ഷിക്കേണ്ടതുമായ എല്ലാ രേഖകളും വാങ്ങി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിഷയത്തിന്മേൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-38 മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ

ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം ഏറ്റെടുത്ത് നടപ്പാക്കിയ നഴ്സറി നിർമ്മാണം, മണ്ണ് ജലം ഭൂവികസന പ്രവൃത്തികൾ, കിണർ റീചാർജ്ജ്, കയർഭൂവസ്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം പ്രവൃത്തികളിൽ മെറ്റീരിയൽ പ്രവൃത്തികളുടെ തുക അർഹരായ കരാറുകാർക്ക്/വ്യക്തികൾക്ക് നൽകുന്നതിന് പകരം അനർഹർക്കാണ് നൽകിയത്. ഇപ്രകാരം 201690/- രൂപ ക്രമാനുസൃതമല്ലാതെ നൽകിയിട്ടുണ്ട്.

നഴ്സറി നിർമ്മാണ പ്രവൃത്തികൾക്ക് വിത്ത്, വളം ഇനങ്ങളുടെ തുക മേറ്റ് ഹാജരാക്കുന്ന വൗച്ചറിന്റെ അടിസ്ഥാനത്തിൽ, പ്രവൃത്തിയിൽ ഭാഗഭാക്കല്ലാത്ത എ.ഡി.എസ് മെമ്പർമാരുടെ അക്കൌണ്ടിൽ എഫ്.റ്റി. ഒ മുഖാന്തിരം തുക നൽകുന്ന പ്രവണതയാണ് അനുവർത്തിച്ച് പോരുന്നത്.

ഉദാഹരണത്തിന് 14-ാം വാർഡിലെ നഴ്സറി നിർമ്മാണം (DP/151269) പ്രവൃത്തിയുടെ മേറ്റിന് വിത്ത്, വളം ഇനത്തിൽ തുക നൽകേണ്ടതിന് പകരം എഫ്. റ്റി. ഓ. വഴി എ.ഡി.എസ് മെമ്പറുടെ പേരിലുള്ള അക്കൌണ്ടിലാണ് തുക നൽകിയിട്ടുള്ളത്. എന്നിരുന്നാലും ടി തുകകൾ ബാങ്ക് അക്കൌണ്ട് ട്രാൻസ്ഫർ വഴി കൈപ്പറ്റിയതായി മേറ്റിന്റെ കൈപ്പറ്റ് രസീത് ഫയലിൽ ഉണ്ട്. ബാങ്ക് ട്രാൻസ്ഫർ വഴി വേതന തുക മാത്രമാണ് ടിയാൾ കൈപ്പറ്റിയിരിക്കുന്നത്.

1-ാം വാർഡിലെ നഴ്സറി നിർമ്മാണം (DP/ 137114)പ്രവൃത്തിയുടെ മേറ്റിന് വിത്ത് , വളം ഇനത്തിൽ തുക നൽകേണ്ടതിന് പകരം എഫ്. റ്റി. ഓ. വഴി എ.ഡി.എസ് മെമ്പറുടെ പേരിൽ അക്കൌണ്ടിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ടി തുകകൾ ബാങ്ക് അക്കൌണ്ട് ട്രാൻസ്ഫർ വഴി കൈപ്പറ്റിയതായി മേറ്റിന്റെ കൈപ്പറ്റ് ഫയലിൽ ഉണ്ട്. ബാങ്ക് ട്രാൻസ്ഫർ വഴി വേതന തുക മാത്രമാണ് ടിയാൾ കൈപ്പറ്റിയിരിക്കുന്നത്.

എല്ലാ നഴ്സറി നിർമ്മാണ പ്രവൃത്തികളിലും ഇപ്രകാരമാണ് മേറ്റുകൾക്ക് തുക കൈമാറിയിട്ടുള്ളത്. മുൻകൂട്ടി തുക കൈപ്പറ്റിയതായ രസീത് ഫയലിൽ വാങ്ങി സൂക്ഷിക്കുന്ന രീതിയാണ് തൻവർഷം സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ തുക യഥാർത്ഥ വ്യക്തികൾക്ക് ലഭിക്കാത്ത പക്ഷം പിന്നീട് ക്ലെയിം ചെയ്യാനുള്ള സാധ്യത ഇല്ലാതാകുന്നു. ഇത് സാമ്പത്തിക ക്രമക്കേടിനും വഴിവെക്കുന്നതാണ്.

മെറ്റീരിയൽ പ്രവൃത്തികൾക്ക് പ്രവൃത്തിയുമായി ബന്ധമില്ലാത്ത വ്യക്തികളെ ലോക്കൽ വെൻഡർമാരായി നിശ്ചയിച്ച് എഫ്.റ്റി. ഒ മുഖാന്തിരം തുക നൽകുന്നത് മൂലം സാമ്പത്തിക ഇടപാടുകളിലെ സുതാര്യത നഷ്ടമാകുന്നു.

പ്രവൃത്തികളിൽ ഇപ്രകാരം ലോക്കൽ വെണ്ടർമാരെ നിശ്ചയിച്ചതു മൂലം കരാറുകാരനായ ശ്രീ ജിതേന്ദ്രിന് കാലിത്തൊഴുത്ത് നിർമ്മാണം (വാർഡ് 14), തോട് പുനരുദ്ധാരണം(വാർഡ് -4), മണ്ണ് ഭൂജല വികസന പ്രവൃത്തികൾ (വാർഡ് 11) എന്നീ പ്രവൃത്തികൾക്കായി 90248/- രൂപയും ശ്രീ.സെബാസ്റ്റ്യന് 47444/- രൂപയും (ഏഴ് പ്രവൃത്തികളിലുൾപ്പെട്ട തുക) ശ്രീമതി.ജയയ്ക്ക് 9906/- രൂപയും (ഏഴ് പ്രവൃത്തികളിലുൾപ്പെട്ട തുക) ശ്രീമതി.ശ്രീജയ്ക്ക് 5000/- രൂപയും (മണ്ണ് ഭൂജല വികസന പ്രവൃത്തികൾ-വാർഡ് 1) ശ്രീമതി ദീപയ്ക്ക് 19200/- രൂപയും (ചേലാന്തറ തോട് പുനരുദ്ധാരണവും കയർഭൂവസ്ത്രവും വിരിക്കൽ) ശ്രീമതി.ലളിതയ്ക്ക് 29892/- രൂപയും (ഐക്കര തോട് പുനരുദ്ധാരണവും കയർഭൂവസ്ത്രവും വിരിക്കൽ) തെറ്റായി എഫ്.റ്റി.ഒ രൂപീകരിച്ച് നൽകിയിട്ടുണ്ട്.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 40/31.10.2019) നേഴ്സറി നിർമ്മാണ പ്രവൃത്തികളുടെ വിത്ത്, വളം തുടങ്ങിയ ഇനങ്ങളുടെ തുക വൌച്ചർ ഹാജരാക്കുന്ന മേറ്റ്മാർക്ക് നൽകുന്നതിന് മേറ്റ്മാരെ ലോക്കൽ വെണ്ടറാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് മേറ്റുമാരുടെ ലിസ്റ്റും അനുബന്ധ രേഖകളും ഹാജരാക്കിയിരുന്നുവെന്നും എന്നാൽ എല്ലാ പഞ്ചായത്തുകളിൽ നിന്നും ഇത്രയും പേരെ വെണ്ടർമാരാക്കുന്നതിന് സമയക്കുറവുണ്ടെന്നും ആയതിനാൽ ഒരു വാർഡിൽ നിന്നും ഒരു വർക്കിന്റെയെങ്കിലും മേറ്റായിട്ടുള്ള എ.ഡി.എസ് പ്രസിഡന്റ്/സെക്രട്ടറി എന്നിവരിൽ ഒരാളെ ലോക്കൽ വെണ്ടറായി നിശ്ചയിച്ച് തന്നിരുന്നത് മൂലമാണ് ഓരോ വാർഡിലേയും പ്രവൃത്തികൾക്ക് ഒരാളുടെ അക്കൌണ്ടിലേയ്ക്ക് മെറ്റീരിയൽ തുക പോയിട്ടുള്ളതെന്നാണ് മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. കൂടാതെ തൊഴിലുറപ്പ് പദ്ധതി അക്കൌണ്ടന്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആയി കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.മാർഗരറ്റ്.റ്റി.വി. എന്നയാൾ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽ പെട്ടതിനെ

തുടർന്ന് ടിയാൾക്ക് 24.09.2019-ൽ കുറ്റാരോപണ മെമ്മോ നൽകുകയും വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടിയാളെ സേവനത്തിൽ നിന്നും പിരിച്ച് വിടുന്നതിന് ടി വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും മേൽ വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകുകയുണ്ടായി.

ഇപ്രകാരം തെറ്റായി ക്രെഡിറ്റ് ചെയ്യപ്പെട്ട തുകകളും തിരിച്ചടവാക്കിയതും അടവാക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | അനർഹമായി തുക ലഭിച്ചവരുടെ പേര് | തിരിച്ചടക്കേണ്ടതായ തുക | അടച്ച തുക | പാസ് ബുക്ക് പ്രകാരം അടച്ച തീയതി | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1 | ജിതേന്ദ് | 58600<br>27500<br>4148<br>ആകെ 90248 | 58600<br>27500<br>4148 | 27/08/19<br>27/08/19<br>27/08/19 | 119030900106/31/10/19 (യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് തിരിച്ചടച്ചു)<br>119030900105/31/10/19 |
| 2 | സെബാസ്റ്റ്യൻ | 47444 | 47444 | 28/08/19 | 119030900107/31/10/19 |
| 3 | ലളിത | 29892 | 29300 | 29/08/19 | 119030900109/31/10/19 |
| 4 | ദീപ | 19200 | 19200 | 29/08/19 | 119030900108/31/10/19 |
| 5 | ശ്രീജ | 5000 | 5000 | 06/09/19 | 119030900110/31/10/19 |
| 6 | ജയ | 9906 | 9446 | 30/09/19 | 119030900111/31.10.19 |
| | ആകെ | 201690 | 200638 | | |

ഈടാക്കാൻ ബാക്കി നിൽക്കുന്ന 1052/- രൂപ അടിയന്തിരമായി ഈടാക്കുന്നതാണെന്ന് 31.10.19ൽ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കൂടാതെ കളിസ്ഥലം നിർമ്മാണം എന്ന പ്രവൃത്തിയിൽ (PG/1984) എഫ്.റ്റി.ഒ. മുഖാന്തിരം പ്രവൃത്തിയുമായി ബന്ധമില്ലാത്ത ശ്രീ ആസാദ് മുഹമ്മദ് എന്ന വ്യക്തിയുടെ അക്കൌണ്ടിൽ 179878/- രൂപ നൽകിയിട്ടുണ്ട്. മെറ്റീരിയൽ പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ പി.കെ.ഷൈജു' ഹാജരാക്കിയ വൌച്ചർ പ്രകാരം പ്രവൃത്തിയ്ക്കായി ആകെ ടിയാന് നൽകാവുന്ന തുക176371.24/- രൂപയാണ്. ടി തുക ശ്രീ.ഷൈജു കൈപ്പറ്റിയതായ കൈപ്പറ്റ് രസീതും ഫയലിൽ ഉണ്ട്. ആയതിനാൽ ശ്രീ.ആസാദിന് നൽകിയ അധിക തുകയായ 3507/-രൂപ (179878- 176371) തിരികെ ഈടാക്കിയിട്ടില്ല. അധികതുക 3507/- രൂപ തിരിച്ചടപ്പിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നം.40/31.10.19) മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ക്രമക്കേടുള്ളതിനാൽ സമഗ്രാന്വേഷണത്തിനു ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടി.ഡി.എസ് ഫയലിംഗിന് പരിധി ലംഘിച്ച് തുക ചെലവഴിച്ചു

2018-19 സാമ്പത്തിക വർഷം ജീവനക്കാരുടെ പാദവാർഷിക ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനായി തനത് ഫണ്ടിൽ നിന്നും താഴെപറയുന്ന വൗച്ചറുകൾ പ്രകാരം 3000/- രൂപ പിൻവലിച്ച് ഇൻഫോടെക്ക് എന്റർപ്രൈസ്, അത്രർ എന്നീ സ്ഥാപനത്തിന്/ വ്യക്തിക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പാദവർഷം | നൽകിയ സ്ഥാപനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|---|
| 1 | ഒന്നാം പാദവർഷം | ഇൻഫോടെക്ക് എന്റർപ്രൈസ് | 21800561/ 5.9.2018 | 1200 |
| 2 | രണ്ടാം പാദവർഷം | -ടി- | 21800782/ 8.11.2018 | 600 |
| 3 | മൂന്നാം പാദവർഷം | -ടി- | 21801174/ 28.2.2019 | 1200 |
| | ആകെ | | | 3000 |

1961ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 206(2) അനുസരിച്ച് ഉറവിടത്തിൽ നിന്നും ആദായ നികുതി ഈടാക്കുന്ന ഓഫീസുകൾ അതുസംബന്ധിച്ച റിട്ടേൺ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനുള്ള നടപടിയും കൈക്കൊള്ളേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന രേഖകൾ upload ചെയ്യുന്നതിനുള്ള ഫീസ് മാത്രമാണ് ബാഹ്യ ഏജൻസിയ്ക്ക് നൽകാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടേത് ഉൾപ്പെടെയുള്ള 2018-19 വർഷത്തെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിനായി 3000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു പാദവർഷത്തെ return upload ചെയ്യുന്നതിന് 50/- രൂപ മാത്രമാണ് ബാഹ്യ ഏജൻസിയ്ക്ക് നൽകാവുന്നത്.

കൂടാതെ 1961ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 206(2) അനുസരിച്ച് ജീവനക്കാരുടെ ആദായ നികുതി തുക ഈടാക്കുന്ന ഓഫീസിൽ തന്നെയാണ് റിട്ടേൺ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടത്. ആയതിനാൽ അപ് ലോഡിംഗ് ചാർജ്ജ് ഒഴിച്ചുള്ള (3 x 50 = 150) 2,850/- രൂപ തനതുഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

### 3-2 പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രോജക്ടുകളിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ SC/ST വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടുകളുടെ വിശദാംശവും അപാകതകളും ചുവടെ കൊടുക്കുന്നു.

a) പ്രോ.നം. :124/19 (പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പഠനമുറി)

അടങ്കൽ : 4,00,000/-( വി.ഫ.-റ്റി.എസ്.പി)

ചെലവ്: 1,00000/-(1.ബിൽ നം.14/18-19/19.01.19-50000/-

2.ബിൽ നം.16/18-19/05.02.19-50000/-)

പഞ്ചായത്തിലെ പട്ടിക വർഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഒരാൾക്ക് 2 ലക്ഷം രൂപ നൽകി വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി പണിത് നൽകുകയായിരുന്നു പദ്ധതി ലക്ഷ്യം.

പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1) സദാനന്ദൻ, പ്രേംകുമാർ എന്നിവർ അഡ്വാൻസ് തുകയായ 50000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചതായ രേഖകളൊന്നും ലഭ്യമല്ല.

2) പഠന മുറി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന വ്യവസ്ഥയോടെ ഗുണഭോക്താക്കളുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടില്ല. ശൂന്യമായ മുദ്രപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

b) പ്രോ.നം. :123/19 (പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി)

അടങ്കൽ : 18,00,000/-( വി.ഫ.-എസ്.എസ്.പി)

ചെലവ്: 10,00,000/-(ബിൽ നം.09/18-19/17.11.18- 2,50,000/-

2.ബിൽ നം.12/18-19/15.12.18- 50,000/-

3. ബിൽ നം.13/18-19/19.01.19- 1,00,000/-

4. ബിൽ നം.17/18-19/22.02.19 -1,00,000/-

5.ബിൽ നം.18/18-19/22.02.19 -50,000/-

6.ബിൽ നം.19/18-19/22.02.19 -50,000/-

7.ബിൽ നം.21/18-19/22.02.19 -40,645/

8.ബിൽ നം.24/18-19/15.03.19 -50,000/-

9.ബിൽ നം.26/18-19/24.03.19 -59,355/-

10.ബിൽ നം.27/18-19/21.03.19 - 50000/-

11.ബിൽ നം.28/18-19/21.03.19 - 1,00,000/-

12.ബിൽ നം.29/18-19/21.03.19 – 1,00,000/-)

800 ചതുരശ്രയടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്രയടി വിസ്തീർണ്ണത്തിൽ പഠനമുറി പൂർത്തീകരിച്ച് അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ എന്ന പ്രകാരം 9 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ കണ്ട ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1) ഗുണഭോക്താക്കൾ എത്ര തുക കൈപ്പറ്റി എന്നത് സംബന്ധിച്ച കൃത്യമായ കൈപ്പറ്റ് രേഖ/രജിസ്റ്റർ ലഭ്യമല്ല.ഫയലിലുള്ള ബില്ലിന്റെ പകർപ്പ് പ്രകാരം ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് കൈമാറിയ തുക പരിശോധിച്ചതിൽ പ്രസ്തുത 9 ഗുണഭോക്താക്കളിൽ മനോഹരൻ, തങ്കച്ചൻ എന്നിവർ മാത്രമാണ് പ്രവൃത്തി പൂർത്തിയാക്കി മുഴുവൻ തുകയും (2 ലക്ഷം വീതം) കൈപ്പറ്റിയിട്ടുള്ളത്. ബാക്കിയുള്ള 7 ഗുണഭോക്താക്കൾക്കായി താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ടിയാളുകൾ മുഴുവൻതുക കൈപ്പറ്റിയതിന്റയോ, പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെയോ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം. |
|---|---|---|---|
| 1 | സുഗുണൻ വെളിയിൽ | 50,000/- | 9/18-19 |
| 2 | ധന്യ കെ മോഹൻ, കൊരാത്ത് | 50,000/- | 9/18-19 |
| 3 | പ്രീത ,തയ്യിൽ വീട് | 1,00,000/- | 9/18-19<br>28/18-19 |
| 4 | അനില ജയൻ, പന്നവേലിവെളി | 1,00,000/- | 12/18-19<br>27/18-19 |
| 5 | വസുമതി, ദേവസ്വംവെളി | 1,50,000/- | 13/18-19<br>24/18-19,<br>26-18/19 |
| 6 | സുഭാഷ് മാതനാട് | 1,00,000/- | 18/18-19 |

| | | | |
|---|---|---|---|
| | | | 28/18-19 |
| 7 | സന്തോഷ് വി.എസ് | 50,000/- | 17/18-19 |
| | ആകെ | 6,00,000/- | |

ഇതിൽ ക്രമ നം. (5)പ്രകാരം 1,50,000/- രൂപ കൈപ്പറ്റിയ ഗുണഭോക്താവിന് മൂല്യനിർണ്ണയത്തിലധികരിച്ച് തുക നൽകിയതായി കാണുന്നു. അസി. എഞ്ചിനിയറുടെ 19.03.2019-ലെ സർട്ടിഫിക്കറ്റ് പ്രകാരം പഠനമുറിയുടെ പ്രവൃത്തി മൂല്യം 107863/- രൂപയാണ്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.8/19.10.19) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മൂല്യനിർണ്ണയത്തിലധികരിച്ച് നൽകിയ 42,137/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഓഡിറ്റ് പ്രത്യവലോകനം

**വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 12.6.2019-13.6.2019 | കെ.എസ്.എ.പി 14/545/2019/ 29.6.2019 |

**4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 200000 | സ്കോളർഷിപ്പ് | 157000 | 43000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 292000 | പാലിയേറ്റീവ് | 292000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | പാലിന് സബ്സിഡി | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 1971820 | ലൈഫ് മിഷൻ | 1971820 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 100000 | ആശ്രയ | 0 | 100000 |
| ജില്ലപഞ്ചായത്ത് | 2018/19 | 300000 | സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലപഞ്ചായത്ത് | 2017/18 | 260000 | ലൈഫ് മിഷൻ | 260000 | 0 |
| ജില്ലപഞ്ചായത്ത് | 2018/19 | 3514280 | ലൈഫ് മിഷൻ | 3513294 | 986 |
| ജില്ലപഞ്ചായത്ത് | 2017/18 | 100000 | പൂരകപോഷകാഹാരം | 92047 | 7953 |
| ജില്ലപഞ്ചായത്ത് | 2018/19 | 2682211 | ലൈൻ എക്സ്റ്റൻഷൻ | 2682211 | 0 |

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് ലൈൻ ദീർഘിപ്പിക്കൽ | 163/19.12.2018 | 136183 | 0 | 136183 |
| കെ.എസ്.ഇ.ബി | തെരുവ് ലൈൻ ദീർഘിപ്പിക്കൽ | 1492929/16.08.2018 | 2682211 | 0 | 2682211 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല.

**4-5 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 48654886/- രൂപ വരവുണ്ട്. മുൻബാക്കി 3195930/- രൂപയടക്കം 51850816/- രൂപയിൽ 1690598/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എം.എസ് ഭവന നിർമ്മാണ പദ്ധതി | 221/2010 തസ്വഭവ തീയതി 21/1/10 | | 3195930 | 1500000 | 1695930 |
| കെ.യു.ആർ.ഡി.എഫ്.സി | | 48654886 | | | 48654886 |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 5650/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-2018 | 2-3 | 1250 | കൊശമറ്റംഫിനാൻസ് | 118040101817/05.12.2018 |
| 2017-2018 | 2-3 | 1900 | സർവ്വീസ് സഹകരണബാങ്ക്, പാതിരപ്പള്ളി | 11804010836/06.12.2018 |
| 2017-2018 | 2-3 | 2500 | എസ്.ബി.റ്റി.പാതിരപ്പള്ളി | 1180404000/22.02.2019 |
| ആകെ | | 5650 | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|---|
| 2014/15 | 4.1.9 | 2014/15 | 4.1.9 | ഉപയോഗമില്ലാതെ കിടക്കുന്ന മൽസ്യ മാർക്കറ്റുകളും ചന്തകളും | ഉപയോഗപ്രദമാക്കിയെടുക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2003-2004 | 2-4 | 2007-2008 | 3.25.1 | ബാലകൈരളി നഴ്സറി സ്കൂൾ ചെലവുകൾക്ക് അംഗീകാരമില്ല | അംഗീകാരം ലഭ്യമായിട്ടുണ്ട്. |

**4-9.ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല.

**4-10. ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 163289563 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 163937321 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 44,987 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 37,91,438 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,850 | ശ്രീ. വി. വി. പ്രസാദ്, സെക്രട്ടറി |
| 3-2 | | 42,137 | ശ്രീമതി.എസ്.സ്മിത.അസി.സെക്രട്ടറി |
| ആകെ | | 44,987 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 5,45,000 | ഡോ. അർച്ചന. എൽ. ആർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-17 | 1,124 | ശ്രീ.ഗോപകുമാർ.ജി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-27<br>1-29 | 2,33,770<br>1,93,150 | ശ്രീ.വേണു.പി.ജി.ഹെഡ്മാസ്റ്റർ, എസ്.സി.എം.വി.യു.പി.സ്കൂൾ |
| 1-28 | 28,18,394 | ശ്രീ.വി.വി.പ്രസാദ്, സെക്രട്ടറി |
| ആകെ | 37,91,438 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 1-38

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.വി.പ്രസാദ്, സെക്രട്ടറി | സെക്രട്ടറി, മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | വെളിയിൽ ഹൗസ്, കലവൂർ. പി. ഒ, ആലപ്പുഴ |
| ഡോ.അർച്ചന.എൽ.ആർ, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | വാളംപറമ്പിൽ, തത്തംപള്ളി. പി. ഒ, ആലപ്പുഴ |
| ശ്രീ.വേണു.പി.ജി.<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, എസ്.സി.എം.വി.യു.പി.സ്കൂൾ | പേനത്തുവെളി, മണ്ണഞ്ചേരി,പി.ഓ. ആലപ്പുഴ |
| ശ്രീ.ഗോപകുമാർ.ജി | മെഡിക്കൽ ഓഫീസർ, ഹോമിയോ | കൃഷ്ണകൃപ, അലിശേരി വാർഡ്, ആലപ്പുഴ |
| ശ്രീമതി.എസ്.സ്മിത.അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>മാരാരിക്കുളം തെക്ക് ഗ്രാമ<br>പഞ്ചായത്ത് | വെളിയിൽ, പാതിരപ്പള്ളി, ആലപ്പുഴ |

**4-11. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽഎഫ് ജി എ 5- 1832 /11/21.01.12ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1998-99 (ചെലവ്) | |
| 2002-03 (ചെലവ്) 2003-04 (ചെലവ്) | |
| 2004-05 (ചെലവ്) | |
| 2005-06 (വരവ്) | |
| 2006-07 | എൽ എഫ് എ പി 9/257/10.08.10 |
| 2007-08 | എൽഎഫ് എ പി 4/73 (എ)/11/26.05.11/13.07.11 |
| 2008-09 | എൽ എഫ് എ പി 4/1002/11/ 03.03.12/06.07.12 |
| 2009-10 | എൽ എഫ് എ പി 4/1003/11/ 03.03.12/06.07.12 |
| 2010-11 | എൽഎഫ് എ പി 4/1070/12/14.11.12 |
| 2011-12, 12-13 | എൽഎഫ് എ പി 8/164/14/23.04.14 |
| 2013-14 | കെ.എസ്.എ എ.പി.ഇസഡ് പി8/1019 /15/11.08.15/31.08.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.8-834 /16/30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി8-1515/16 / 31.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8/962 /2017/25.7.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ്അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ